**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ലേ സെക്രട്ടറി & ട്രഷറർ തസ്തികയിൽ ജോലിയിലിരിക്കെ ശൂന്യവേതനവധിയിൽ പ്രവേശിച്ച ശ്രീമതി. മായ കെ എസ് - നെ ഉപയോഗപ്പെടുത്താത്ത ശൂന്യവേതനാവധി റദ്ദ് ചെയ്യുന്നതിന് വിധേയമായി സർവ്വീസിൽ പുനഃ പ്രവേശിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. ഉത്തരവ് നം. ഇഡി3 - 26880/2021/ആവഡ, തീയതി : 03/08/2022
2. ഉത്തരവ് നം. ഇഡി2 - 48983/2022/ആവഡ, തീയതി : 12/08/2022
3. സ. ഉ. (സാധാ) നം. 3221/2023/ആകുവ, തീയതി : 04/12/2023
4. ശ്രീമതി. മായ കെ എസ് സമർപ്പിച്ച അപേക്ഷ, തീയതി : 05/12/2023.
5. Circular No. 39/2014/Fin തീയതി 30/4/2014.

**ഉത്തരവ് നം : ആ.വ.ഡ./5891(1)/2023-ഇ.ഡി.3, തീയതി: 03-01-2024**

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ലേ സെക്രട്ടറി & ട്രഷറർ തസ്തികയിൽ പരാമർശ ഉത്തരവ് 1 പ്രകാരം ജോലിയിൽ പ്രവേശിച്ച ശ്രീമതി. മായ കെ എസ് ന് പരാമർശ ഉത്തരവ് 2 പ്രകാരം 13/08/2022 മുതൽ ഒരു വർഷത്തേക്ക് കെ. എസ്. ആർ. ഭാഗം 1, അനുബന്ധം XII C പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. പ്രസ്തുത അവധി 13/08/2023 മുതൽ 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിനായി ഉചിതമാർഗേന ടിയാരി അവധി അപേക്ഷ സമർപ്പിച്ചിരുന്നതും ആയതു അനുവദിച്ചുകൊണ്ട് പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവായിരുന്നതുമാണ്.

നിലവിൽ, ആരോഗ്യവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കുവാൻ സന്നദ്ധയാണെന്നു അറിയിച്ച ശ്രീമതി. മായ കെ എസ് പരാമർശം 4 പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ, ഉപയോഗപ്പെടുത്താത്ത ശൂന്യവേതനാവധി റദ്ദ് ചെയ്യുന്നതിന് വിധേയമായി തിരുവനന്തപുരം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ലേ സെക്രട്ടറി & ട്രഷറർ ആയ ശ്രീമതി. സിന്ധു എസ് ആർ നെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലേക്കു സ്ഥലം മാറ്റി നിയമിക്കുന്നതുമൂലം, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഉണ്ടാകുന്ന ലേ സെക്രട്ടറി & ട്രഷററുടെ ഒഴിവിലേക്ക് നിയമിച്ച് ഉത്തരവാകുന്നു.

ശ്രീമതി. മായ കെ എസ് യഥാസമയം ജോലിയിൽ പുനഃ പ്രവേശിച്ച് ആർ. റ്റി. സി സമർപ്പിക്കേണ്ടതും ഉപയോഗിക്കാത്ത ശൂന്യവേതനവധി റദ്ദ് ചെയ്യുന്നതിന് പരാമർശം 5- പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

Signed by
Dr Reena K J
Date: 03-01-2024 16:59:50

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്: ശ്രീമതി. മായ കെ എസ്, ലേ സെക്രട്ടറി & ട്രഷറർ

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (കേരള), തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
3. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), ആലപ്പുഴ
4. സൂപ്രണ്ട്, ജില്ലാ ആശുപത്രി, ചെങ്ങന്നൂർ, ആലപ്പുഴ
5. ഫയൽ/കരുതൽ ഫയൽ.